## അന്യ സ്ഥാപനങ്ങളുടെ വിഹിതമടയ്ക്കണമെന്ന ഉത്തരവ് റദ്ദാക്കി

## ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ, ചാണ്ഡിഗഢ്

E.P.F. No. 4/2019 Dt. 2.1.2020

ദശ്മേശ് പരിവാർ ഇന്റർനാഷണൽ സ്കൂൾ

x

അസിസ്റ്റന്റ് പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ

ദശ്മേശ് പരിവാർ ഇന്റർനാഷണൽ സ്കൂൾ, ഹേംകുന്ത് സർവീസസ്, ബീബ് നങ്കി ഗ്ലോബൽ സൊസൈറ്റി എന്നീ സ്ഥാപനങ്ങൾ പരസ്പര ബന്ധമില്ലാത്തവയും വ്യത്യസ്ത തൊഴിലുടമകളുടെ കീഴിൽ പ്രവർത്തിക്കുന്നവയുമാണ്. ഈ മൂന്ന് സ്ഥാപനങ്ങൾക്കും ഇ.പി.എഫ്. നിയമം ബാധകമാണ്. മേൽപറഞ്ഞവയിൽ സ്കൂളിന്റെ പി.എഫ്. വിഹിതം നിർണ്ണയിക്കുന്നതിനുള്ള അന്വേഷണം സംബന്ധിച്ച നോട്ടീസ് സ്ഥാപനത്തിനു ലഭിച്ചപ്പോൾ അത് അന്വേഷണത്തിൽ പങ്കെടുക്കുകയും രേഖകളും മറ്റും ഹാജരാക്കുകയും ചെയ്തു. വിചാരണ പൂർത്തിയാക്കിയ ഇ.പി.എഫ്. കമ്മീഷണർ വിഹിതം നിർണ്ണയിച്ച് ഉത്തരവിറക്കി. മറ്റ് രണ്ട് സ്ഥാപനങ്ങളുടെയും വിഹിതം നിർണ്ണയിച്ച കമ്മീഷണർ പണമടയ്ക്കാനുള്ള ബാധ്യത മുഴുവനും സ്കൂളിനുമേൽ ചുമത്തിക്കൊണ്ടാണ് ഉത്തരവ് പുറപ്പെടുവിച്ചത്. ഇതിനെതിരെ സ്ഥാപനം ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. മറ്റു രണ്ട് സ്ഥാപനങ്ങൾ അന്യമാണെന്നും അവയുമായി തങ്ങൾക്ക് യാതൊരു ബന്ധവുമില്ലെന്നും അവയുമായി ബന്ധപ്പെട്ട യാതൊരു നോട്ടീസും തങ്ങൾക്ക് ലഭിച്ചിട്ടില്ലെന്നും സ്ഥാപനം ബോധിപ്പിച്ചു. മൂന്ന് സ്ഥാപനങ്ങൾക്കും പ്രത്യേകം പ്രത്യേകം നോട്ടീസയച്ചുവെന്നും എല്ലാ നോട്ടീസുകളും സ്കൂൾ മേനേജ്മെന്റാണ് കൈപ്പറ്റിയതെന്നും അതുകൊണ്ടാണ് വിഹിതമടയ്ക്കാനുള്ള മുഴുവൻ ബാധ്യതയും സ്കൂളിനുമേൽ ചുമത്തിയതെന്നും ഇ.പി.എഫ്. കമ്മീഷണർ വാദിച്ചു. സ്കൂൾ മേനേജ്മെന്റിനെയും മറ്റ് സ്ഥാപനങ്ങളെയും ബന്ധിപ്പിക്കുന്ന യാതൊരു രേഖയും ഇ.പി.എഫ്. കമ്മീഷണർ ട്രൈബ്യൂണൽ മുമ്പാകെ ഹാജരാക്കിയില്ല. ഇതര സ്ഥാപനങ്ങളുടെ നോട്ടീസുകൾ സ്കൂൾ മേനേജ്മെന്റ് കൈപ്പറ്റിയെന്ന് തെളിയിക്കാനോ ഇ.പി.എഫ്. കമ്മീഷണർക്ക് സാധിച്ചില്ല. മൂന്ന് സ്ഥാപനങ്ങൾ തമ്മിൽ പരസ്പരം ബന്ധമില്ലെന്നും സ്കൂൾ മേനേജ്മെന്റും മറ്റു സ്ഥാപനങ്ങളുടെ മേനേജ്മെന്റുകളും സ്വതന്ത്രമാണെന്നും വിലയിരുത്തിയ ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ ഇ.പി.എഫ്. കമ്മീഷണറുടെ ഉത്തരവ് റദ്ദാക്കുകയും സ്ഥാപനത്തിന്റെ അപ്പീൽ അനുവദിക്കുകയും ചെയ്തു.